# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**സഹകരണ സംഘങ്ങളും ബാങ്കുകളും ജനകീയവൽക്കരിക്കാൻ**

471 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളും ബാങ്കുകളും സാധാരണ ജനങ്ങൾക്ക് ഗുണകരമാകുന്ന നിലയിൽ പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്;

(ബി) സഹകരണ സ്ഥാപനങ്ങൾ സാധാരണക്കാരന് ലോൺ നല്കുന്നതിലും കുടിശ്ശിക പിരിക്കുന്നതിലും വിവേചനം കാട്ടുന്നത് അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**12.06.2012 -ലെ മറുപടിക്ക്**

**സഹകരണസംഘം സഹകരണ ബങ്കുകള്‍ എന്നിവയുടെ പ്രവര്‍ത്തനം**

472 ശ്രീ. എ. റ്റി. ജോര്‍ജ്
,, ജോസഫ് വാഴക്കന്‍
,, പാലോട് രവി
,, വി. പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘം, സഹകരണ ബാങ്കുകള്‍ എന്നിവയുടെ പ്രവര്‍ത്തനം പഠിക്കുവാന്‍ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കില്‍ പ്രസ്തുത സമിതിയുടെ ഘടനയും ടേംസ് ഓഫ് റഫറന്‍സും എന്തൊക്കെയാണ്;

(ബി) എത്ര കാലാവധിക്കുള്ളില്‍ റിപ്പോര്‍ട്ട് സമര്‍പ്പിക്കണമെന്നാണ് നിര്‍ദ്ദേശിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**സഹകരണബാങ്കുകളുടെ ലാഭത്തിന്മേലുള്ള ഈടാക്കാനുള്ള തീരുമാനം**

473 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുടെ ലാഭത്തിന്മേൽ വരുമാനനികുതി ഈടാക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തീരുമാനം അനുസരിച്ച് ഇതിനകം ഓരോ ബാങ്കുകളും സർക്കാരിലേയ്ക്ക് അടച്ച നികുതിയുടെ വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നികുതി ഒഴിവാക്കി കിട്ടുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ?

കേരള നിയമസഭ
12.06.2012 -ലെ മറുപടിക്ക്

<u>സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളും</u>

474 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്കിന്റെ നയങ്ങളോ നടപടികളോ കേരളത്തിലെ സഹകരണ ബാങ്കുകളുടെ പ്രവർത്തനങ്ങളെ ഏതെങ്കിലും വിധത്തിൽ പ്രതികൂലമായി ബാധിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രാഥമിക സഹകരണ ബാങ്കുകളെ സമഗ്രമായി പരിഷ്കരിക്കാൻ എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നഷ്ടത്തിലായ പ്രാഥമിക സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികളുടെ പുരോഗതി വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**സ്വയം സഹായ സംഘങ്ങൾക്കുള്ള വായ്പയുടെ പലിശ**

475 **ശ്രീമതി. ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ ഉൾപ്പെടെയുള്ള സ്വയം സഹായ സംഘങ്ങൾക്ക് എത്ര ശതമാനം പലിശക്കാണ് സഹകരണ ബാങ്കുകൾ വായ്പ നൽകുന്നത്;

(ബി) പ്രസ്തുത വായ്പക്ക് സർവ്വീസ് ചാർജ് ഈടാക്കുന്നുണ്ടോ;എങ്കിൽ എത്ര ശതമാനം;

(സി) പ്രസ്തുത വായ്പകളുടെ പലിശ കുറക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ വായ്പകൾക്ക് ഈടാക്കുന്ന സർവ്വീസ് ചാർജ് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**സഹകരണ മേഖലയിലെ അഴിമതി**

476 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സഹരണ മേഖലയിലെ അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; മുൻ സർക്കാരിന്റെ കാലത്തെ അഴിമതി സംബന്ധിച്ച അന്വേഷണത്തെത്തുടർന്ന് എത്ര കേസുകൾ വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്തു;

(ബി) സഹകരണ സംഘങ്ങളുടെ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സഹകരണ വിജിലൻസ് വിഭാഗം രൂപീകരിച്ചതിനു ശേഷം എത്ര പരാതികൾ വിജിലൻസിന് ലഭിച്ചു. ആയതിൽ എത്ര എണ്ണത്തിന് തീർപ്പു കൽപ്പിച്ചു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**<u>സംസ്ഥാന സഹകരണ ബാങ്കിൽ നിന്ന്<br>വായ്പയെടുത്ത സ്ഥാപനങ്ങൾ</u>**

477 ശ്രീ. ഹൈബി ഈഡൻ
,, ലൂഡി ലൂയിസ്
,, എം. പി. വിൻസെന്റ്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാന സഹകരണ ബാങ്കിൽ നിന്ന് വായ്പ എടുത്ത സ്ഥാപനങ്ങൾ അവ തിരിച്ചടക്കാത്ത കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതേക്കുറിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ;

(സി) ഏത് തരത്തിലുള്ള അന്വേഷണമാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

### സഹകരണമേഖലയിൽ സബ്സിഡി

478 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ
നിയമന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2005 മുതൽ 2012 വരെയുള്ള ഓരോ വർഷത്തിലും സഹകരണ മേഖലയിൽ സബ്സിഡി നൽകുന്നതിന് എന്തു തുക ചെലവായി; സാമ്പത്തിക വർഷവും ഇനവും തിരിച്ച് വിശദമാക്കുമോ;

(ബി) 2012-2013 സാമ്പത്തിക വർഷം സബ്സിഡി നൽകുന്നതിന് എന്തു തുക വകയിരുത്തിയിട്ടുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**സഹകരണ വകുപ്പിന്റെ പ്ലാൻ ഫണ്ട്**

**479 ശ്രീ. കെ. സുരേഷ് കുറുപ്പ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ പ്ലാൻ ഫണ്ട് തുകയും 2012 മാർച്ച് 31 വരെ ചിലവഴിച്ച തുകയും എത്ര;

(ബി) സഹകരണ വകുപ്പിൻ കീഴിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏവ; ഇതിനായി ഓരോ പദ്ധതിക്കും കേന്ദ്രം അനുവദിച്ച തുകയെത്ര;

(സി) സഹകരണ വകുപ്പിന്റെ ഓരോ ഹെഡിലും 2012 മാർച്ച് 31 വരെ ചിലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ

**കേരള നിയമസഭ**
**12.06.2012 -ലെ മറുപടിക്ക്**

**<u>സഹകരണ റിസ്ക് ഫണ്ട്</u>**

**480 ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സഹകരണ വായ്പ സംഘങ്ങളിൽ നിന്നും വായ്പ എടുക്കുന്നവർക്കായി കഴിഞ്ഞ സർക്കാർ ആവിഷ്ക്കരിച്ച സഹകരണ റിസ്ക് ഫണ്ടിന്റെ പ്രവർത്തനം വിശദമാക്കുമോ ;

(ബി) ഈ പദ്ധതി പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ വായ്പ എടുത്ത ആൾ മരണപ്പെട്ടതിനെ തുടർന്ന് എത്ര രൂപയുടെ ബാധ്യതകൾ എഴുതിത്തള്ളി എന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനകം എത്ര സംഘങ്ങളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് ; എല്ലാ സഹകരണ വായ്പാ സംഘങ്ങളിലും പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കഴിഞ്ഞ സർക്കാർ സഹകരണ റിസ്ക് ഫണ്ടിന്റെ നടത്തിപ്പിനായി എന്തു തുക നൽകിയെന്നും ഈ സർക്കാർ ഈ പദ്ധതിയ്ക്കായി ഇതുവരെ എന്തു തുക നൽകിയെന്നും 2012-2013 സാമ്പത്തിക വർഷത്തിൽ സഹകരണ റിസ്ക് ഫണ്ട് പദ്ധതിയ്ക്ക് എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

**കേരള നിയമസഭ**

**12.06.2012 -ലെ മറുപടിക്ക്**

**സഹകരണ രംഗത്തെ നിയമഭേദഗതികൾ**

**481 ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ കൊണ്ടുവന്ന ഭരണഘടനഭേദഗതികൾ പ്രകാരം സംസ്ഥാന സഹകരണ നിയമത്തിൽ എന്തെല്ലാം ഭേദഗതികളാണ് വരുത്തേണ്ടത് എന്ന് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ എന്തെല്ലാം ഭേദഗതികളാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**സഹകരണമേഖലയിലെ വികസന പ്രവര്‍ത്തനങ്ങള്‍**

482

**ശ്രീ. ജി. സുധാകരന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) 2005 മുതല്‍ 2012 വരെയുള്ള ഓരോ സാമ്പത്തിക വര്‍ഷവും സഹകരണമേഖലയ്ക്കുണ്ടായിരുന്ന ബഡ്ജറ്റ് വിഹിതം എത്രയായിരുന്നു;

(ബി) 2005 മുതല്‍ 2012 വരെയുള്ള സാമ്പത്തിക വര്‍ഷത്തില്‍ സഹകരണ മേഖലയ്ക്കുണ്ടായിരുന്ന ബഡ്ജറ്റ് വിഹിതത്തില്‍ എത്ര തുക ഓരോ വര്‍ഷവും ചെലവഴിച്ചുവെന്ന് അറിയിക്കാമോ;

(സി) 2012- 2013 വര്‍ഷത്തില്‍ സഹകരണ മേഖലയുടെ ബഡ്ജറ്റ് വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**<u>സഹകരണമേഖലയിലെ ആശുപത്രികൾ</u>**

483 **ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ എത്ര ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവയിൽ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ചികിത്സ നൽകുന്ന സ്ഥാപനങ്ങൾ എത്രയെണ്ണമുണ്ട്;

(സി) സഹകരണ ആശുപത്രികളിൽ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിന് സർക്കാർ എന്തെങ്കിലും സഹായം നൽകി വരുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>സഹകരണ വകുപ്പിലെ ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തിക</u>

484 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിലെ ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയ്ക്കുള്ള അടിസ്ഥാന യോഗ്യത എന്താണെന്ന് വിശദമാക്കാമോ ;

(ബി) പി.എസ്.സി. മുഖേന ബി.കോം കോ-ഓപ്പറേഷൻ കഴിഞ്ഞ് മേൽ തസ്തികയിൽ ജോലി ചെയ്യുന്നവരെ വീണ്ടും സർക്കാർ ചെലവിൽ ജെ.ഡി.സി. ട്രയിനിംഗിന് അയയ്ക്കാറുണ്ടോ ;

(സി) എങ്കിൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്ന ഈ സമ്പ്രദായം തുടരുന്നത് എന്തിനാണെന്ന് വിശദമാക്കാമോ ;

(ഡി) എങ്കിൽ ഇത് ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

**കേരള നിയമസഭ**
**12.06.2012 -ലെ മറുപടിക്ക്**

**<u>നിക്ഷേപ സമാഹരണം</u>**

**485 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2012 മാർച്ച് മാസത്തിൽ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾക്ക് നിക്ഷേപ സമാഹരണത്തിന് സഹകരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ;

(ബി) ഇല്ലെങ്കിൽ ഉത്തരവ് നൽകാതിരിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ;

(സി) ഇതേ കാലയളവിൽ കുടിശ്ശിക നിവാരണത്തിനായി സഹകരണ വകുപ്പ് ഉത്തരവ് നൽകിയിരുന്നുവോ;

(ഡി) ഇല്ലെങ്കിൽ കാരണം എന്താണെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**സഹകരണ നിക്ഷേപങ്ങള്‍ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികള്‍**

486 ശ്രീ. ഹൈബി ഈഡന്‍
,, റ്റി. എന്‍. പ്രതാപന്‍
,, വി. പി. സജീന്ദ്രന്‍
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും

വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സഹകരണ നിക്ഷേപങ്ങള്‍ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികള്‍ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) നിക്ഷേപങ്ങള്‍ക്ക് സര്‍ക്കാര്‍ ഗ്യാരണ്ടി നല്‍കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**സഹകരണ സ്ഥാപനങ്ങളിലെ ആകെ നിക്ഷേപം**

487 **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ചുമതല ഏൽക്കുമ്പോൾ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ ആകെ നിക്ഷേപം എത്ര കോടി രൂപയായിരുന്നു ;

(ബി) സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണസ്ഥാപനങ്ങളിലെ നിക്ഷേപങ്ങളിൽ വർദ്ധനവുണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) 2012 മേയ് 31 ന് സഹകരണ സ്ഥാപനങ്ങളിലെ ആകെ നിക്ഷേപം എത്രയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ നിക്ഷേപ സുരക്ഷ**

488 ശ്രീ. വി. ഡി. സതീശൻ
,, എം. എ. വാഹീദ്
,, എം. പി. വിൻസെന്റ്
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ നിക്ഷേപ സുരക്ഷയ്ക്കായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ബി) ഇതിനായി പ്രത്യേക നിക്ഷേപ സുരക്ഷാ ബോർഡ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ബോർഡിന്റെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണെന്നും ഇത് നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**<u>നിയമസഭ സാമാജികര്‍ക്ക് ഭവന വായ്പ തിരിച്ചടയ്ക്കുമ്പോള്‍ ലഭിക്കേണ്ട ഇന്‍സന്റീവ്</u>**

**489 പ്രൊഫ. സി. രവീന്ദ്രനാഥ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഭവനവായ്പ എടുത്തിട്ടുള്ള നിയമസഭാ സാമാജികര്‍ക്ക് ലോണ്‍ തുക തിരിച്ചടക്കുമ്പോള്‍ ലഭിക്കേണ്ട ഇന്‍സന്റീവ് ലഭ്യമായില്ല എന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍, തുക ലഭിക്കുന്നതിന് ഏതെങ്കിലും വിധത്തിലുള്ള തടസ്സം നിലനില്‍ക്കുന്നുണ്ടോ;

(സി) തടസ്സം, നീക്കി തുക എത്രയും പെട്ടെന്ന് ലഭ്യമാക്കാന്‍ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>വായ്പ തിരിച്ചടവിലെ ഇളവുകൾ</u>

490 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും
വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) സഹകരണ വായ്പാ സംഘങ്ങൾ നൽകുന്ന വായ്പകളുടെ പലിശയും മറ്റു ചെലവുകളും മുതലിനേക്കാൾ അധികമായി ഈടാക്കരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇല്ലെങ്കിൽ സഹകരണ സ്ഥാപനങ്ങളിലെ എൻ.പി.എ പിരിച്ചെടുക്കുന്നതിന് ഈ നിർദ്ദേശം നൽകുമോ ;

(സി) വായ്പ തിരിച്ചടവിന് ഇപ്പോൾ എന്തെല്ലാം ഇളവുകളാണ് വായ്പക്കാരന് നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**<u>സഹകരണ ബാങ്കുകളിൽ വായ്പ തിരിച്ചടവ് വ്യവസ്ഥകൾ ഉദാരമാക്കുന്നതിന് നടപടികൾ</u>**

491 ശ്രീ. ഹൈബി ഈഡൻ
,, പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ വായ്പ തിരിച്ചടവ് വ്യവസ്ഥകൾ ഉദാരമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) സഹകരണ ബാങ്കുകൾ നൽകുന്ന വായ്പകൾക്കുള്ള റിസ്ക് ഫണ്ട് സ്കീമിൽ വായ്പ എടുക്കുന്നവർക്കായി എന്തെല്ലാം ഇളവുകളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത് ;

(സി) വിദ്യാഭ്യാസ വായ്പകൾക്ക് പഠനകാലത്ത് പലിശ ഒഴിവാക്കി കൊടുക്കുവാനുള്ള പദ്ധതി സഹകരണ ബാങ്കുകളിൽ നടപ്പാക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**വാർഷിക വായ്പ അവലോകന റിപ്പോർട്ട്**

**492** **ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകൾ നിർത്തലാക്കാൻ ആർ.ബി.ഐ തയ്യാറാക്കിയ വാർഷിക വായ്പ അവലോകന റിപ്പോർട്ടിൽ നിർദ്ദേശമുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകളെയും സഹകരണ സംഘങ്ങളെയും ബാധിക്കുന്ന പരാമർശങ്ങൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ജില്ലാ സഹകരണ ബാങ്കുകളിലെ തെരഞ്ഞെടുപ്പ്**

493 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനായി തയ്യാറാക്കുന്ന ലിസ്റ്റിൽ കടലാസ് സംഘങ്ങളെ ഉൾപ്പെടുത്തി ഭരണസമിതി പിടിച്ചെടുക്കുന്നതിനുള്ള നടപടി അഡ്മിനിസ്ട്രേറ്റർമാർ സ്വീകരിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ;

(ബി) അഡ്മിനിസ്ട്രേറ്റർ ഭരണം അവസാനിപ്പിച്ച് ജനാധിപത്യ സമിതികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

### ജില്ലാ സഹകരണ ബാങ്കിലെ ഭരണസമിതികളെ പിരിച്ചുവിട്ട നടപടി

494 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പുറപ്പെടുവിച്ച ഓർഡിനൻസ് വഴി സംസ്ഥാനത്തെ എത്ര ജില്ലാ സഹകരണ ബാങ്കുകളുടെ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികളെ പിരിച്ച് വിടുകയുണ്ടായെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ ജില്ലാ ഭരണ സമിതികളെ തെരഞ്ഞെടുക്കുന്നതിനു സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) ഭരണസമിതികളെ പിരിച്ചുവിടുന്ന ഘട്ടത്തിൽ വോട്ടവകാശമുളള എത്ര അംഗങ്ങൾ ഓരോ ജില്ലാബാങ്കിലും ഉണ്ടായിരുന്നു; മറ്റ് അംഗങ്ങൾ എത്രയായിരുന്നു; ജില്ല തിരിച്ച് കണക്കുകൾ വെളിപ്പെടുത്തുമോ;

(ഡി) ഓർഡിനൻസിലെ വ്യവസ്ഥകൾ പ്രകാരം വോട്ടവകാശം ലഭിച്ചവരെത്ര; ഇതിനു പുതിയ വ്യവസ്ഥ പ്രകാരം വോട്ടവകാശം ലഭിച്ചവരെത്ര; ജില്ല തിരിച്ച കണക്കുകൾ വിശദമാക്കാമോ;

(ഇ) ഓർഡിനൻസിലെ വ്യവസ്ഥ പ്രകാരം ജില്ലാ ബാങ്കുകളിൽ അംഗത്വമുളള ഏതെല്ലാം വിഭാഗത്തിൽപ്പെട്ട, ഏത് തീയതിക്ക് ശേഷം അംഗത്വം ലഭിച്ചവർക്കാണ് ഇപ്പോൾ വോട്ടവകാശം ഇല്ലാത്തത്; ജില്ല തിരിച്ച്ച്ച കണക്കുകൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകൾ നിർത്തലാക്കണമെന്ന നിർദ്ദേശം**

**495** ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ വാർഷിക വായ്പാ അവലോകന റിപ്പോർട്ടിൽ കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകൾ നിർത്തലാക്കണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് സഹകരണ മേഖലയിൽ ഈ നിർദ്ദേശം മൂലം ഉടലെടുത്ത ആശങ്ക അകറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**വനിതാ സഹകരണ സൊസൈറ്റികൾക്കുള്ള സഹായം**

**496 ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വനിതാ സഹകരണ സൊസൈറ്റികളെ സഹായിക്കുന്നതിന് 2012-13 സാമ്പത്തിക വർഷത്തിൽ ഏതെല്ലാം പരിപാടികളാണ് ഉള്ളത്;

(ബി) ഇതിനു വേണ്ടി എത്ര തുക വകയിരുത്തിയിട്ടുണ്ട്;

(സി) സൊസൈറ്റികളെ ധനസഹായത്തിനായി തെരെഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്താണ്?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**വൈദ്യനാഥന്‍ കമ്മീഷന്‍ റിപ്പോര്‍ട്ടിലെ ശുപാര്‍ശകള്‍**

**497 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) വൈദ്യനാഥന്‍ കമ്മീഷന്‍ റിപ്പോര്‍ട്ടിലെ ശുപാര്‍ശകള്‍ സഹകരണ മേഖലയില്‍ നടപ്പിലാക്കാന്‍ സര്‍ക്കാര്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത കമ്മീഷന്‍ നിര്‍ദ്ദേശങ്ങള്‍ സഹകരണ വായ്പാ മേഖലയെ പ്രതികൂലമായി ബാധിക്കുമെന്ന് സര്‍ക്കാര്‍ കരുതുന്നുണ്ടോ ;

(സി) സര്‍ക്കാര്‍ ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങള്‍ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് പ്രോജക്ട്**

498 ശ്രീ. സി. പി. മുഹമ്മദ്
,, കെ. അച്ചുതൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് പ്രോജക്ടിന്റെ രണ്ടാം ഘട്ടം നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ പരീക്ഷയിൽ സംഭവിച്ച വീഴ്ചകൾ**

**499 ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചേർത്തല സഹകരണ പരിശീലന കേന്ദ്രത്തിൽ നടത്തിയ ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ പരീക്ഷയിൽ താളപ്പിഴ സംഭവിച്ചതായും ചോദ്യപേപ്പർ തികയാതെ വന്നപ്പോൾ ചോദ്യം ഉറക്കെ വിളിച്ചു പറഞ്ഞ് പരീക്ഷാർത്ഥികളെക്കൊണ്ട് എഴുതിപ്പിച്ചതായും പുതിയ സ്കീം പ്രകാരം പരീക്ഷ എഴുതേണ്ടവർക്ക് പഴയ സ്കീം പ്രകാരമുള്ള ചോദ്യപേപ്പർ നൽകിയതായുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഇപ്രകാരം ഗുരുതരമായ വീഴ്ചകൾ മേലിൽ സംഭവിക്കാതിരിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**വയനാട് ജില്ലാ സഹകരണ ബാങ്കിലെ ഡെപ്പോസിറ്റ് കളക്ഷൻ ഏജന്റുമാർക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ നടപടി**

500 **ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ ഡെപ്പോസിറ്റു കളക്ഷൻ ഏജന്റുമാർക്ക് നൽകി വരുന്ന സേവന വേതനവ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) വയനാട് ജില്ലാ സഹകരണ ബാങ്കിലെ ഡെപ്പോസിറ്റ് കളക്ഷൻ ഏജന്റുമാർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത കളക്ഷൻ ഏജന്റുമാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

### കണ്ണൂർ ജില്ലയിൽ സഹകരണസംഘങ്ങൾ വഴി നൽകുന്ന വായ്പ

501 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സഹകരണസംഘങ്ങൾ വഴി എത്ര തുക വായ്പ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ കാർഷിക വായ്പാ ഇനത്തിൽ എത്ര തുക നൽകിയിട്ടുണ്ടെന്ന് സംഘം തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**പരിയാരം മെഡിക്കൽ കോളേജിലെ പ്രവേശനത്തിലെ ക്രമക്കേടുകൾ**

502

**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**,, സി. പി. മുഹമ്മദ്**
**,, കെ. അച്ചുതൻ**
**,, തേറമ്പിൽ രാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **പരിയാരം മെഡിക്കൽ കോളേജിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്ന പ്രവേശനത്തിൽ ക്രമക്കേടുകൾ നടന്നതായി അന്വേഷണ കമ്മീഷൻ കണ്ടെത്തിയിട്ടുണ്ടോ;**

(ബി) **എങ്കിൽ കണ്ടെത്തിയ പ്രധാന ക്രമക്കേടുകൾ എന്തെല്ലാമായിരുന്നു;**

(സി) **അന്വേഷണ കമ്മീഷൻ നൽകിയ റിപ്പോർട്ടിന്മേൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?**

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**വിലനിലവാരം പിടിച്ചു നിര്‍ത്തുന്നതിന് കണ്‍സ്യൂമര്‍ഫെഡിന്റെ ഇടപെടല്‍**

503 ശ്രീ. എ. റ്റി. ജോര്‍ജ്
,, റ്റി. എന്‍ പ്രതാപന്‍
,, ലൂഡി ലൂയിസ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) പൊതുവിപണിയിലെ വിലനിലവാരം പിടിച്ചു നിര്‍ത്തുന്നതിന് കണ്‍സ്യൂമര്‍ഫെഡ് നടത്തുന്ന ഇടപെടല്‍ ഫലപ്രദമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികള്‍ എന്തെല്ലാം;

(ബി) സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ പ്രവര്‍ത്തനം വ്യാപകമാക്കുവാന്‍ നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രത്യേക കാലങ്ങളില്‍ സ്ബ്സിഡി നല്‍കി വിതരണം ചെയ്യുന്ന ഉല്‍പ്പന്നങ്ങള്‍ ഇതുവഴി വിറ്റഴിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

വിലക്കയറ്റം പിടിച്ചുനിർത്താൻ നടപടി

504 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
'' എം. ചന്ദ്രൻ
'' പി. റ്റി. എ. റഹീം
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിപണിയിൽ വിലക്കയറ്റം പിടിച്ചുനിർത്താൻ തക്കവിധത്തിൽ കൺസ്യൂമർഫെഡ് വഴി ആവശ്യമായ സാധനങ്ങൾ ന്യായവിലക്ക് വിൽക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സാധാരണക്കാർക്ക് സാധനങ്ങൾ ആവശ്യത്തിന് ലഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) കൺസ്യൂമർഫെഡ് വഴി വിൽപ്പന നടത്തുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കാറുണ്ടോ ; ഗുണനിലവാരമുള്ള സാധനങ്ങളാണ് കൺസ്യൂമർഫെഡ് വഴി വിതരണം ചെയ്യുന്നത് എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ ;

(ഡി) കൺസ്യൂമർഫെഡ് വഴി വിതരണം ചെയ്യുന്ന ഏതെല്ലാം സാധനങ്ങൾക്ക് സർക്കാർ സബ്സിഡി നൽകി വരുന്നുണ്ട് ; കമ്പോളത്തിൽ ഇടപെടുന്നതിന് ഇതിനകം കൺസ്യൂമർഫെഡിന് എന്തു തുക സഹായമായും സബ്സിഡിയായും നല്കുകയുണ്ടായി ; ഈ വർഷത്തെ ബജറ്റിൽ അതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**<u>നിത്യോപയോഗ സാധനങ്ങൾ വിലക്കുറച്ച് വിൽക്കുന്നതിന് നടപടി</u>**

505 **ശ്രീ. എ. എ. അസീസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്ത് അനിയന്ത്രിതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ച് നിറുത്തുന്നതിന് സഹകരണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലൂടെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;**

(ബി) **നിത്യോപയോഗ സാധനങ്ങൾ വിലക്കുറവിൽ ലഭ്യമാക്കുന്നതിന് എന്തൊക്കെ തുടർ നടപടികളാണ് സഹകരണ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?**

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**<u>കണ്‍സ്യൂമര്‍ ഫെഡിന്റെ പദ്ധതികള്‍</u>**

506 ശ്രീ. കെ. മുരളീധരന്‍
,, വി. ഡി. സതീശന്‍
,, ഷാഫി പറമ്പില്‍
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ എണ്ണയും പയറുവര്‍ഗ്ഗങ്ങളും ന്യായവിലയ്ക്ക് നല്‍കുവാന്‍ കണ്‍സ്യൂമര്‍ ഫെഡ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിയ്ക്ക് കേന്ദ്രമന്ത്രാലയത്തിന്റെ എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പില്‍ വരുത്തുവാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കണ്‍സ്യൂമര്‍ ഫെഡിന് കീഴിലുള്ള പൊതുവിതരണ കേന്ദ്രങ്ങള്‍**

507 ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കണ്‍സ്യൂമര്‍ ഫെഡിന് കീഴില്‍ ഇപ്പോള്‍ എത്ര പൊതുവിതരണ കേന്ദ്രങ്ങള്‍ പ്രവര്‍ത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയില്‍ സ്ഥിരമായി പ്രവര്‍ത്തിക്കുന്നവയുടെ എണ്ണം എത്രയാണ്;

(സി) ഈ സ്ഥാപനങ്ങളില്‍ ജോലി ചെയ്യുന്നവരില്‍ എത്ര ജീവനക്കാര്‍ താല്‍ക്കാലികാടിസ്ഥാനത്തിലുള്ളവരാണെന്ന് വ്യക്തമാക്കുമോ;

(ഡി) കണ്‍സ്യൂമര്‍ഫെഡ് ഈടാക്കുന്ന വില പൊതു വിപണിയിലെ വിലയിലും കുറവാണെന്ന് ഉറപ്പു വരുത്താറുണ്ടോ ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**നീതി മെഡിക്കല്‍ സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്ന മരുന്നുകളുടെ ശേഖരണം**

508 ശ്രീ. കെ. എം. ഷാജി
,, പി. കെ. ബഷീര്‍
,, പി. ഉബൈദുള്ള
,, റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കണ്‍സ്യൂമര്‍ഫെഡിന്റെ കീഴിലെ നീതി മെഡിക്കല്‍ സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്നതിനുള്ള മരുന്നുകളുടെ ശേഖരണ രീതിയില്‍ മാറ്റം വരുത്താന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി വന്‍കിട മരുന്നുകമ്പനികളില്‍ നിന്നും നേരിട്ടു മരുന്നു വാങ്ങുന്നതിനുള്ള നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇങ്ങനെ കമ്പനികളില്‍ നിന്നു നേരിട്ടു ശേഖരിക്കുന്ന മരുന്നു കളുടെ ഗുണനിലവാര പരിശോധനയ്ക്കുള്ള സംവിധാനത്തെക്കുറിച്ചുള്ള വിശദവിവരം നല്കാമോ;

(ഡി) സഹകരണ വകുപ്പിനു കീഴിലെ മെഡിക്കല്‍ സ്റ്റോറുകളുടെ എണ്ണത്തില്‍ വര്‍ദ്ധനവു വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കില്‍ വിശദവിവരം നല്കാമോ;

(ഇ) മരുന്നുകളുടെ ശേഖരണം, വിതരണം എന്നിവയ്ക്ക് ഏര്‍പ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കണ്‍സ്യൂമര്‍ഫെഡില്‍ ത്രിവേണി സ്റ്റോറുകള്‍ വഴി നടത്തിയ ലോക്കല്‍ പര്‍ച്ചേസില്‍ തിരിമറി**

509 **ശ്രീ. ഇ. കെ. വിജയന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കണ്‍സ്യൂമര്‍ഫെഡില്‍ ത്രിവേണി സ്റ്റോറുകള്‍ വഴി നടത്തിയ ലോക്കല്‍ പര്‍ച്ചേസില്‍ തിരിമറി നടന്നിട്ടുണ്ടെന്ന വിവരം ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ഇതുവരെയായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**നെൽകൃഷിക്ക് വേണ്ടി പലിശരഹിത വായ്പകൾ**

**510 ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിക്ക് വേണ്ടി പലിശരഹിത വായ്പകൾ വിതരണം ചെയ്യുന്നതിന് സഹകരണ ബാങ്കുകൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വിളവെടുപ്പ് സുഗമമാക്കുന്നതിന് നെൽ കർഷകർക്ക് സഹകരണ ബാങ്കുകൾ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) കൂടുതൽ കൊയ്ത്തു യന്ത്രങ്ങൾ വാങ്ങുന്നതിന് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ദേശീയ കാർഷിക ഗ്രാമവികസനബാങ്കിന്റെ (നബാർഡ്) സംസ്ഥാനത്തെ പ്രവർത്തനങ്ങൾ**

511 ഡോ. ടി. എം. തോമസ് ഐസക്
ശ്രീമതി കെ. എസ്. സലീഖ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും

വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ദേശീയ കാർഷിക ഗ്രാമവികസനബാങ്കിന്റെ (നബാർഡ്) സംസ്ഥാനത്തെ പ്രവർത്തനങ്ങൾ പരിമിതപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ ഭാഗമായി നാല് ജില്ലാ ഓഫീസുകൾ ഇതിനകം അടച്ചുപൂട്ടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കാർഷിക ഗ്രാമവികസനബാങ്കുകൾ വഴിയും മറ്റുമുള്ള നബാർഡിന്റെ പ്രവർത്തനങ്ങൾ ഏതെല്ലാം നിലയിൽ പരിമിതപ്പെടുത്തിയിട്ടുണ്ടെന്നും വെളിപ്പെടുത്താമോ ;

(ഡി) കാർഷിക മേഖലയെ ബാധിക്കുന്നമെന്നതിനാൽ ജില്ലാ ഓഫീസുകളും കുറഞ്ഞ പലിശ നിരക്കിൽ നൽകിവന്നിരുന്ന കാർഷിക വായ്പകളും പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**12.06.2012 -ലെ മറുപടിക്ക്**

**<u>കാർഷിക വായ്പകൾ</u>**

**512 ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണനിയന്ത്ര
ണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്ത് വർധിച്ചുവരുന്ന കർഷക ആത്മഹത്യകൾ പരിഗണിച്ച് സഹകരണ ബാങ്കുകളിൽ നിന്നുള്ള കാർഷിക വായ്പകൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുമോ;**

(ബി) **കടക്കെണിയിൽപ്പെട്ട കർഷകരുടെ കാർഷിക വായ്പകൾ എഴുതിത്തള്ളുന്ന കാര്യം പരിഗണിക്കുമോ?**

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കാര്‍ഷിക വായ്പ പുനരാംരംഭിക്കാന്‍ നടപടി**

513 ശ്രീ. ടി. എന്‍. പ്രതാപന്‍
,, ഷാഫി പറമ്പില്‍
,, എം. പി. വിന്‍സെന്റ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങളില്‍ കാര്‍ഷിക വായ്പ പുനരാരംഭിക്കുവാന്‍ എന്തൊക്കെ നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്;

(ബി) നബാര്‍ഡ് പ്രാഥമിക സംഘങ്ങള്‍ക്ക് നല്‍കുന്ന പുനര്‍വായ്പയ്ക്ക് സര്‍ക്കാര്‍ ഗ്യാരന്റി നല്‍കുവാന്‍ തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കില്‍ ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ട അംഗങ്ങൾക്ക് വായ്പാ തിരിച്ചടവിനുള്ള നിർദ്ദേശങ്ങൾ**

514 **ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുകയും, കുടിശ്ശിക വരുത്തി ജപ്തി നടപടികൾക്ക് വിധേയരാകുകയും ചെയ്യുന്ന പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട അംഗങ്ങൾക്ക് വായ്പ തിരിച്ചടയ്ക്കുന്നതിലോ, പലിശ ഇളവ് ചെയ്ത് നൽകുന്നതിനോ എന്തെങ്കിലും ഉത്തരവുകളോ, നിർദ്ദേശങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ ഉത്തരവ് നൽകിയിട്ടുണ്ടെങ്കിൽ അത് ഏതുതരം വായ്പകൾക്കാണ് ബാധകമെന്നും, എത്ര രൂപ വരെ ഇളവ് അനുവദിക്കുമെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**

**12.06.2012 -ലെ മറുപടിക്ക്**

**കൈത്തറി -ഖാദി മേഖലയിലെ പുതിയ പദ്ധതികൾ**

515 ശ്രീ. സി. മമ്മൂട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൈത്തറി-ഖാദി മേഖലയിൽ തൊഴിലാളിക്ഷാമം പരിഹരിക്കാനും, ഉല്പാദനവർദ്ധനവ് കൈവരിക്കാനും ലക്ഷ്യമിട്ട് പുതിയ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി എന്തു തുകയാണ് ഈ വർഷം ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഏതൊക്കെ ജില്ലകൾക്കാണ് ഇതുമൂലം പ്രയോജനം ലഭിക്കുന്നതെന്നും അറിയിക്കുമോ ;

(സി) കൈത്തറി ഖാദി ഉല്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കാൻ എന്തെങ്കിലും പദ്ധതി ഇതിനോടനുബന്ധിച്ച് നടപ്പാക്കുന്നുണ്ടോ ;

(ഡി) എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്നാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ഖാദി വ്യവസായ വകുപ്പിൻ കീഴിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ**

516 **ശ്രീ. കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഖാദി വ്യവസായ വകുപ്പിന്റെ പ്ലാൻ ഫണ്ടും 2012 മാർച്ച് 31 വരെ ചെലവഴിച്ച തുകയും എത്രയെന്ന് അറിയിക്കുമോ;

(ബി) ഖാദി വ്യവസായ വകുപ്പിൻ കീഴിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏവ; ഓരോ പദ്ധതിക്കും കേന്ദ്രം എന്ത് തുക അനുവദിച്ചു;

(സി) ഖാദി വ്യവസായ വകുപ്പിന്റെ ഓരോ ഹെഡിലും 2012 മാർച്ച് 31 വരെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ഖാദി ക്ലസ്റ്റർ പദ്ധതി**

**517 ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ഖാദി ക്ലസ്റ്റർ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കാമോ;**

(ബി) **ഈ പദ്ധതിയുടെ നടത്തിപ്പിന് സർക്കാർ എത്ര രൂപ നീക്കി വച്ചിട്ടുണ്ട്;**

(സി) **ഈ പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ എന്തെല്ലാം പദ്ധതി പ്രവർത്തനങ്ങൾ ആണ് ഇതുവരെ നടന്നത്;**

(ഡി) **കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?**

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>ഖാദി മേഖലയിലെ പുതിയ തൊഴിലവസരം</u>

518 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണനിയന്ത്ര
ണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഖാദി മേഖലയിൽ എത്ര പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്;

(ബി) ഇതിന്റെ ഭാഗമായി എത്ര പേർക്ക് പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്;

(സി) അയ്യായിരം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന ബജറ്റ് പ്രഖ്യാപനം നടപ്പിലാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കുമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ചാലക്കുടി മണ്ഡലത്തിലെ ഖാദിയൂണിറ്റുകളുടെ വികസനം**

519 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ പരിയാരം പഞ്ചായത്തിലെ ഖാദി ബോർഡിന്റെ സ്ഥലം കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പേരാമ്പ്ര ഖാദി യൂണിറ്റ് പരിഷ്ക്കരിക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) കനകമല ഖാദിയൂണിറ്റിന്റെ വികസനത്തിനായുള്ള നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**എല്ലാ പഞ്ചായത്തുകളിലും ത്രിവേണി സ്റ്റോറുകൾ**

520 **ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും ത്രിവേണി സ്റ്റോറുകൾ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) 2011-12-ൽ എത്ര ത്രിവേണി സ്റ്റോറുകൾ തുടങ്ങുവാൻ നടപടി സ്വീകരിച്ചു വരുന്നു; അവ ഏതെല്ലാം പഞ്ചായത്തുകളിലാണ്;

(സി) സംസ്ഥാനത്തെ നീതി സ്റ്റോറുകളുടെയും നീതി മെഡിക്കൽ സ്റ്റോറുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ഡി) ഈ സാമ്പത്തിക വർഷം എവിടെയെല്ലാം പുതിയ നീതി സ്റ്റോറുകളും നീതി മെഡിക്കൽ സ്റ്റോറുകളും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഘടന</u>

521 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഏറ്റവും ഒടുവിൽ പുന:സംഘടിപ്പിച്ചത് എന്നാണ്; അതിന്റെ ഘടന എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) 2011-12 -ൽ ബോർഡിന്റെ പ്രവർത്തനത്തിന് വേണ്ടി വന്ന മൊത്തം ചെലവെത്രയാണ് ;

(സി) ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ കാറ്റഗറി തിരിച്ചുള്ള എണ്ണം വെളിപ്പെടുത്താമോ ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**<u>മലിനീകരണ നിയന്ത്രണ വകുപ്പിന്റെ പ്ലാൻ ഫണ്ട് തുക</u>**

522 **ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലിനീകരണ നിയന്ത്രണ വകുപ്പിന്റെ പ്ലാൻ ഫണ്ട് തുകയും 2012 മാർച്ച് 31 വരെ ചെലവഴിച്ച തുകയും എത്രയെന്ന് വിശദാംശം ലഭ്യമാക്കാമോ ;

(ബി) മലിനീകരണ നിയന്ത്രണ വകുപ്പിൻ കീഴിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉണ്ടോ ; എങ്കിൽ ഇതിനായി ഓരോ പദ്ധതിക്കും കേന്ദ്രം എന്ത് തുക അനുവദിച്ചു;

(സി) മലിനീകരണ നിയന്ത്രണ വകുപ്പിന്റെ ഓരോ ഹെഡിലും 2012 മാർച്ച് 31 വരെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>വയർകട്ട് ബ്രിക്സ്</u>

523 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വയർകട്ട് ബ്രിക്സ് സ്ഥാപനം ആരംഭിക്കുന്നതിലേക്ക് അനുവാദം ലഭിക്കുവാൻ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും വാങ്ങേണ്ടതായ രേഖകൾ എന്തൊക്കെയാണെന്നും ആയതിന്റെ നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കുമോ;

(ബി) മുൻപുണ്ടായിരുന്ന നിബന്ധനകളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(സി) പുതുക്കിയ നിബന്ധനകൾ പാലിക്കാത്തതിനാൽ 20 വർഷങ്ങൾക്ക് മുൻപ് ആരംഭിച്ച സ്ഥാപനത്തിന് പോലും ഇപ്പോൾ ബോർഡ് അനുമതി നൽകുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പുതുക്കിയ നിബന്ധനകൾ പുതുതായി ആരംഭിക്കുന്ന സ്ഥാപനങ്ങൾക്ക്മാത്രം ബാധകമാക്കി മുൻപ് പ്രവർത്തിച്ചുവന്ന സ്ഥാപനങ്ങൾക്ക് ഇളവ് നല്കുവാൻ സന്നദ്ധമാണോ;

(ഇ) കൊല്ലം ജില്ലയിൽ മലിനീകരണ നിയന്ത്രണ ബോർഡ് അനുവാദം നൽകാത്തതിനാൽ 20 വർഷംമുൻപ് മുതൽ പ്രവർത്തിച്ചുവന്ന നൂറ് കണക്കിന് സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകൾ ലൈസൻസ് നൽകുന്നില്ലായെന്നത് ഗൗരവമായികാണുമോ; എങ്കിൽ പ്രശ്നപരിഹാരത്തിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 12.06.2012 -ലെ മറുപടിക്ക്

**<u>മത്സ്യം കയറ്റിപ്പോകുന്ന വാഹനങ്ങളിൽനിന്നും മലിനജലം ഒഴുകുന്നത് തടയാൻ നടപടി</u>**

524 **ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മത്സ്യം കയറ്റിപ്പോകുന്ന വാഹനങ്ങളിൽ നിന്നും റോഡിലും റോഡരികിലും വൻതോതിൽ മലിനജലം ഒഴുക്കിവിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ ഫലമായി ഉണ്ടാകുന്ന റോഡപകടങ്ങളും പരിസരമലിനീകരണവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മത്സ്യം കയറ്റിപ്പോകുന്ന വാഹനങ്ങളിൽ നിന്നും മലിനജലം ഒഴുകുന്നത് തടയുവാൻ സംസ്ഥാനത്ത് ആവശ്യമായ നിയമമുണ്ടോ;

(ഡി) മലിനജലം ഒഴുക്കുന്നത് തടയുവാൻ ശക്തമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കനോലി കനാൽ മാലിന്യമുക്തമാക്കുന്നതിന് നടപടി**

**525** **ശ്രീ. എ. പ്രദീപ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ കനോലീകനാൽ മാലിന്യമുക്തമാക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

(സി) കനാലിന് അരികെയുള്ള സ്വകാര്യ ആശുപത്രികളിൽ നിന്നും, മറ്റു സ്ഥാപനങ്ങളിൽ നിന്നും കനാലിലേക്ക് ഒഴുകി വരുന്ന ജലം മാലിന്യമുക്തമാണോ എന്ന് പരിശോധന നടത്താറുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?